പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 100 12-10-2026-ൽ മറുപടിയ്ക്ക്

**കാട്ടാക്കട നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. ആർ. ബൈജു ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കാട്ടാക്കട നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നിലവിൽ നടപ്പിലാക്കിവരുന്നതോ അംഗീകാരം ലഭിച്ചിട്ടുള്ളതോ ആയ വികസന പദ്ധതികളുടെ നിലവിലെ പുരോഗതി, അനുവദിച്ചിട്ടുള്ള തുക, പൂർത്തീകരണത്തിനായി നിശ്ചയിച്ചിട്ടുള്ള സമയക്രമം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**മറുപടി:** കാട്ടാക്കട നിയോജക മണ്ഡലത്തിലെ കിഫ്ബി ധനാനുമതി നൽകിയ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു

**(ബി)** 10.07.2017ലെ സർക്കാർ ഉത്തരവ് (ആർ.ടി. ) 942/2017/പി.ഡബ്ള്യൂ.ഡി. നമ്പർ ഉത്തരവ് പ്രകാരം അനുമതി ലഭിച്ച കിള്ളി-മേച്ചിറ-പുറ്റുമേൽക്കോണം റോഡിന്റെ നിലവിലെ നിർമ്മാണ പുരോഗതി എന്താണെന്ന് വിശദീകരിക്കാമോ;

**മറുപടി:** കിള്ളി-മേച്ചിറ-മൂങ്ങോട്-ഇ.എം.എസ് അക്കാദമി റോഡിനു 08-08-2024 തീയതിയിലെ കിഫ്ബി ധനാനുമതി ഉത്തരവ് നമ്പർ PWD015-07/APR-3/2024/KIIFB പ്രകാരം 24.46 കോടി രൂപയുടെ പുതുക്കിയ ധനാനുമതി നൽകിയിട്ടുണ്ട്. കെ ആർ എഫ് ബി യാണ് പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസി. FDR സാങ്കേതിക വിദ്യയിലാണ് പ്രസ്തുത പ്രവൃത്തി ചെയ്യുന്നത്. കെ ആർ എഫ് ബി യിൽ നിന്നും ലഭിച്ച വിവര പ്രകാരം ആകെ 7.95 കിലോമീറ്റർ ഉള്ള റോഡിൽ 7.7 കിലോമീറ്റർ BC പ്രവൃത്തി ചെയ്തിട്ടുണ്ടെങ്കിലും culvert, Road Safety, Interlock, Irish drain, BC in approach & above culvert portion എന്നിവയുടെ പ്രവൃത്തി പൂർത്തീകരി-ക്കേണ്ടതുണ്ട്. ആകെ 87% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

**(സി)** 23.09.2017 ലെ സർക്കാർ ഉത്തരവ് (ആർ.ടി.) 52/2017/പി.ഡബ്ള്യൂ.ഡി. നമ്പർ ഉത്തരവ് പ്രകാരം അനുമതി ലഭിച്ച പൊട്ടൻകാവ്-നെല്ലിക്കാട്-ചീനിവിള-ഊന്നംപാറ-തിരളിക്കുഴി മുണ്ടുകോണം കണ്ടല റോഡിന്റെ നിലവിലെ നിർമ്മാണ പുരോഗതി എന്താണെന്ന് വിശദീകരിക്കാമോ?

<u>മറുപടി:</u> തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട നിയോജക മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടതും FDR സാങ്കേതികവിദ്യയിൽ നടത്തുന്ന വികസന പദ്ധതിയുമായ പൊട്ടൻകാവ്-നെല്ലിക്കാട് - ചീനിവിള ഊന്നാംപാറ - തിരളിക്കുഴി - മുണ്ടുക്കോണം - കണ്ടല റോഡ് വികസനത്തിന് 23.09.2017 തീയതിയിലെ G.O. (Rt) No.52/2017/PWD ഉത്തരവ് പ്രകാരം 15 കോടിയുടെ ഭരണാനുമതിയും 16.03.2019 തിയതിയിലെ കിഫ്ബി ധനാനുമതി ഉത്തരവ് നമ്പർ PWD 015-20/APR-1/2019/KIIFB പ്രകാരം 18.748 കോടിയുടെ കിഫ്ബി ധനാനുമതിയും ലഭ്യമായിട്ടുണ്ട്. കെ ആർ എഫ് ബി യാണ് പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസി. കെ ആർ എഫ് ബി യിൽ നിന്നും ലഭിച്ച വിവര പ്രകാരം ടി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 15/06/2024 തീയതിയിൽ കരാറുകാരനുമായി കരാർ ഉടമ്പടി വെക്കുകയും 25.06.2024 തിയതിയിൽ കരാറുകാരന് സൈറ്റ് കൈമാറി നൽകുകയും ചെയ്തിട്ടുണ്ട്.

ടി പദ്ധതി മൂന്ന് റീച്ചുകളായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. റിച്ച് - 1 ൽ ഉൾപ്പെട്ട പൊട്ടൻകാവ് - ഊന്നാംപാറ റോഡിൻറെ നീളം 2.007 കിലോമിറ്ററും, റീച്ച് - 2 ൽ ഉൾപ്പെട്ട നെല്ലിക്കാട്- ചീനിവിള റോഡിൻറെ നീളം 2.070 കിലോമീറ്ററും, റീച്ച് - 3 ൽ ഉൾപ്പെട്ട തിരളിക്കുഴി കണ്ടല റോഡിൻറെ നീളം 1.400 കിലോമിറ്ററും ഉൾപ്പെടെ ആകെ 5.5 കിലോമീറ്റർ ആണ്. നെല്ലിക്കാട് - ചീനിവിള ( Reach -2) റോഡിൽ നിലവിൽ ശരാശരി 7.5 മീറ്റർ വീതി ഉള്ളതിനാൽ 5.5 മീറ്റർ വീതിയിൽ FDR പ്രവൃത്തി നടത്തി 1.85 കിലോമീറ്റർ ദൂരത്തിൽ BC പ്രവൃത്തികളും കൾവെർട്ട് പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. റീച്ച് 2 ലെ ശേഷിക്കുന്ന 220 മീറ്റർ ഭാഗവും റീച്ച് 1& 3-യിലും ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചാൽ മാത്രമേ FDR പ്രവൃത്തി നടത്തുവാൻ സാധിക്കുകയുള്ളൂ. കേരള വാട്ടർ അതോറിറ്റി യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ 80% വും KSEB യുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ 40% വും പൂർത്തികരിച്ചു. ഭൂമി ഏറ്റെടുക്കൽ നടപടിക്ക് 24.10.2024 തിയതിയിൽ 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. ഇതോടനുബന്ധിച്ച് റിച്ച് -1 ലെ ചമയങ്ങളുടെ ലിസ്റ്റ് 06.05.2025-ൽ സ്പെഷ്യൽ തഹസിൽദാർ നൽകിയതനുസരിച്ച് 60 ചമയങ്ങളുടെ വിലനിർണ്ണയ സർട്ടിഫിക്കറ്റ് എൽ.എ വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ളവയുടെ വാല്യൂവേഷൻ പ്രവൃത്തികൾ നടന്നുവരുന്നു. നിലവിലെ ഫെയർവാല്യൂവിന്റെ അടിസ്ഥാനത്തിൽ വില കണക്കാക്കുമ്പോൾ 13.8 കോടി രൂപ എൽ.എ. കോസ്റ്റിനത്തിൽ വേണ്ടി വരുമെന്ന് സ്പെഷ്യൽ തഹസിൽദാർ എൽ.എ. ആവശ്യപ്പെട്ടതനുസരിച്ച് ടി തുക വകയിരുത്തി പുതുക്കിയ സാമ്പത്തികാനുമതി അനുവദിക്കുന്നതിനു വേണ്ടി കിഫ്ബിക്ക് കെ ആർ എഫ് ബി റിവിഷൻ പ്രൊപ്പോസൽ നൽകിയിരുന്നെങ്കിലും BVR, DVS എന്നിവ ഫൈനലൈസ് ചെയ്ത ശേഷം പുതുക്കിയ സാമ്പത്തിക അനുമതിക്കുള്ള പ്രൊപ്പോസൽ കിഫ്ബിയിലേക്കു സമർപ്പിക്കുവാൻ കെ ആർ എഫ് ബി യോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഭൂമി ഏറ്റെടുക്കൽ പൂർത്തിയാകാത്തതിനാൽ നിലവിലെ കരാറിൽ നിന്നും റിച്ച് (1) & (2) Descope

ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചതിനു ശേഷം പ്രസ്തുത പ്രവൃത്തികൾ ടെൻഡർ ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് കെ ആർ എഫ് ബി അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

| Sl. No | Department | Project Code | Main Project Name | Sub Project Name | Project Outlay (Rs. In Crore) | SPV Name | LAC | Work Status |
|---|---|---|---|---|---|---|---|---|
| 1 | Fisheries & Ports | FSH003-01 | Strengthening of Fish marketing Infrastructure of the State | Strengthening of fish marketing Infrastructure in Thiruvananthapuram District - Nadukkadu Fish Market | ₹ 2.51 | KSCADC | Kattakkada | Work in progress |
| 2 | Fisheries & Ports | FSH003-08 | Strengthening of Fish marketing Infrastructure of the State | Strengthening of Fish marketing Infrastructure Vilavoorkkal Fish Market | ₹ 1.08 | KSCADC | Kattakkada | KIIFB Approved |
| 3 | General Education | GED003-01 | Betterment of Infrastructure facilities in 446 schools- 1 Cr category-KILA | Trivandrum Cluster 1- Govt.UPS Vilappilshala- | ₹ 1.41 | KILA | Kattakkada | Work Completed |
| 4 | General Education | GED003-01 | Betterment of Infrastructure facilities in 446 schools- 1 Cr category-KILA | Trivandrum Cluster 1- Govt.HSS Vilavoorkkal | ₹ 0.93 | KILA | Kattakkada | KIIFB Approved |
| 5 | General Education | GED003-30 | Betterment of Infrastructure facilities in 446 Schools -1 Crore category | GLPS Kuruthamkode | ₹ 1.29 | KILA | Kattakkada | Work Completed |
| 6 | General Education | GED005-12 | PPE Mission- Upgradation of one school in each constituency | Malayinkeezhu Govt. G.H.S.S | ₹ 5.00 | KITE | Kattakkada | Work Completed |
| 7 | General Education | GED008-59 | Betterment of infrastructure facilities in 229 schools | Thiruvananthapuram Phase-3 Cluster-1- GHS Plavoor | ₹ 2.79 | KITE | Kattakkada | Work Completed |

| Sl. No | Department | Project Code | Main Project Name | Sub Project Name | Project Outlay (Rs. In Crore) | SPV Name | LAC | Work Status |
|---|---|---|---|---|---|---|---|---|
| 8 | Higher Education | HED007-08 | Augmentation of Infrastructural Facilities at Government Colleges in Kerala | Madhavakavi Smaraka Government Arts & Science College Malayinkeezhu-Rs.7.99 Cr | ₹ 7.99 | Kerala infrastructure & Technology for Education (KITE) | Kattakada | Work Completed |
| 9 | Higher Education | HED010-02 | Setting up of Translational Research Centre in Universities | Construction of Translational Research Centre in APJKTU | ₹ 12.95 | APJKTU | Kattakkada | Work Tendered |
| 10 | Higher Education | HED011-01 | Land Acquisition of additional 50 acres of land adjoining to the land already acquired for APJAKTU campus at Vilappilsala for undertaking various Technology Development Projects/Instituion | Project Report on Acquisition of Remaining 50 acres of Land at Vilappilsala for the Development of Campus for APJ Abdul Kalam Technological University-Land Acquisition | ₹ 203.92 | APJKTU | Kattakkada | LA completed |
| 11 | Higher Education | HED014-02 | Kerala Electric Vehicle Industrial Park | Preliminary Initiatives for K-EVIP Development | ₹ 89.00 | TrEST Research Park | Kattakkada | Work in progress |
| 12 | Health & Family Welfare | HFW002-23 | Improvements to the infrastructure of Taluk, District and General Hospitals | Development of Taluk Hospital Malayinkeezhu | ₹ 19.64 | KITCO | Kattakada | Work Completed |

| Sl. No | Department | Project Code | Main Project Name | Sub Project Name | Project Outlay (Rs. In Crore) | SPV Name | LAC | Work Status |
|---|---|---|---|---|---|---|---|---|
| 13 | Health & Family Welfare | HFW002-78 | Improvements to the infrastructure of Taluk, District and General Hospitals | Procurement of Medical Equipment & Hospital Furniture for TH Malayinkeezhu | ₹ 0.36 | KMSCL | Kattakkada | Work in progress |
| 14 | PWD | PWD001-06 | 68 bridges | Construction of Kudiveettilkadavu Bridge in Thiruvananthapuram District | ₹ 18.89 | KRFB | Parassala, Kattakkada, Aruvikkara | Work Tendered |
| 15 | PWD | PWD004-03 | 137 Roads | Four Laning of NH-4766 - Karamana Kaliyikkavila - Phase I - Reach II - Pravachambalam to Vazhimukku | ₹ 162.46 | KRFB | Kattakkada, Kovalam | Work Completed |
| 16 | PWD | PWD015-07 | 182 roads | Improvement to Killy EMS Academy Road | ₹ 24.46 | KRFB | KATTAKADA | Work in progress |
| 17 | PWD | PWD015-14 | 182 Roads | Improvements to Thiruvananthapuram Neyyar Dam Road | ₹ 58.93 | KRFB | Aruvikkara, Kattakkada, Parassala | LA in progress |
| 18 | PWD | PWD015-20 | 182 ROADS | Improvement to Pottenkavu-Nellikkad- Cheenivila-Unnampara Road in Thiruvananthapuram District | ₹ 18.75 | KRFB | Kattakkada | Work in progress |
| 19 | Registration | RGD007-05 | Construction of 52 office buildings for Registration Department | Construction of Sub Registrar offices at Malayinkeezhu | ₹ 1.30 | Kerala State Construction Corporation Ltd (KSCC) | Kattakkada | Work Completed |

Section Officer